**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 628** — **28-01-2026 - ൽ മറുപടിയ്ക്ക്**

**ഒളവണ്ണ ടൂൾ റൂം കം ട്രെയിനിങ് സെന്റർ യൂണിറ്റ് നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. ടി. എ. റഹീം** | | **ശ്രീ. പി. രാജീവ്**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സിഡ്കോയുടെ കീഴിൽ കോഴിക്കോട് ഒളവണ്ണയിൽ പ്രവർത്തിക്കുന്ന ടൂൾ റൂം കം ട്രെയിനിങ് സെന്റർ യൂണിറ്റിന്റെ നവീകരണത്തിനായി എന്തൊക്കെ പ്രവൃത്തികൾ ആണ് നടപ്പിലാക്കിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ; | (എ) | 982.10 ലക്ഷം രൂപ ചെലവഴിച്ച് ഈ വ്യവസായ യൂണിറ്റിലേക്കാവശ്യമായ 14 മെഷീനുകൾ വാങ്ങുകയും മെറ്റീരിയൽ സ്റ്റോർ റൂം, സ്ക്രാപ്പ് യാർഡ്, സ്റ്റോർ റൂം എന്നിവയുടെ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത യൂണിറ്റിൽ മെഷീൻ ഓപ്പറേറ്റർ തസ്തികയിൽ ഉൾപ്പെടെ സ്ഥിരം ജീവനക്കാരുടെ കുറവ് കാരണം, ഐ. എസ്. ആർ. ഒ. യിൽ നിന്നും ഉൾപ്പെടെ ഏറ്റെടുത്തിട്ടുള്ള കരാറുകൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ സാധിക്കുന്നില്ല എന്നത് ശ്രദ്ധയിൽ വന്നിട്ടുണ്ടോ; പ്രസ്തുത വിഷയം പരിഹരിക്കുന്നതിന് യൂണിറ്റിന്റെ സ്റ്റാഫ് പാറ്റേൺ പുന:ക്രമീകരിച്ച് ആവശ്യം വേണ്ട തസ്തികകളിൽ സ്ഥിരം നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ; | (ബി) | സിഡ്കോയുടെ ഉടമസ്ഥതയിലുള്ള, ഒളവണ്ണ ടൂൾ റൂം കം ട്രെയിനിങ് സെന്ററിൽ സി.എൻ.സി ഓപ്പറേറ്റർ തസ്തികയിൽ 3 ഒഴിവുകളിലേക്കും സി.എൻ.സി പ്രോഗ്രാമർ തസ്തികയിൽ 1 ഒഴിവിലേയ്ക്കും സ്ഥിരനിയമനം നടത്തുന്നതിന് കേരള പബ്ലിക് എന്റർപ്രൈസസ് സെലക്ഷൻ ആന്റ് റിക്രൂട്ട്മെന്റ് ബോർഡ് നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>കരാറുകൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | 06.11.2020 തീയതിയിൽ മുൻ വ്യവസായ വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗതീരുമാനപ്രകാരം ടൂൾ റൂം കം ട്രെയിനിങ് സെന്റർ സ്റ്റാഫ് പാറ്റേൺ സിഡ്കോയുടെ സ്റ്റാഫ് പാറ്റേണിൽ ഉൾപ്പെടുത്തുന്നതിനും, സിഡ്കോ ജീവനക്കാർക്ക് അനുവദിച്ച് നൽകിയ 2009-ലെ ശമ്പള പരിഷ്കരണം ടൂൾ റൂം കം ട്രെയിനിങ് സെന്റർ ജീവനക്കാർക്കും അനുവദിച്ച് നൽകുന്നതിനും റിയാബ് സർക്കാരിൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; പ്രസ്തുത വിഷയത്തിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് എന്ന് വ്യക്തമാക്കാമോ; | (സി) | 06.11.2020 തീയതിയിൽ മുൻ വ്യവസായ വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ഇപ്രകാരം തീരുമാനിച്ചിട്ടില്ല. ഭാവിയിൽ ശമ്പള ഘടനയിൽ വരുത്തേണ്ട മാറ്റങ്ങൾ സംബന്ധിച്ച് റിയാബ് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കണമെന്നായിരുന്നു തീരുമാനം.<br><br>നിലവിൽ, ഒളവണ്ണ ടൂൾ റൂം കം ട്രെയിനിങ് സെന്റർ ഉൾപ്പെടെയുള്ള സിഡ്കോയുടെ സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കൽ, ശമ്പള പരിഷ്കരണം എന്നീ വിഷയങ്ങൾ സർക്കാർ പരിശോധിച്ച് വരുന്നു. |
| (ഡി) | പ്രസ്തുത വിഷയത്തിൽ റിയാബ് സമർപ്പിച്ച റിപ്പോർട്ട് അടിസ്ഥാനമാക്കി ടൂൾ റൂം കം ട്രെയിനിങ് സെന്റർ സ്റ്റാഫ് പാറ്റേൺ സിഡ്കോയുടെ സ്റ്റാഫ് പാറ്റേണിൽ ഉൾപ്പെടുത്തുന്നതിനും, സിഡ്കോ ജീവനക്കാർക്ക് അനുവദിച്ച് നൽകിയ 2009-ലെ ശമ്പള പരിഷ്കരണം | (ഡി) | മറുപടി പാർട്ട് (സി) യിൽ ചേർത്തിരിക്കുന്നു. |

| | | | |
|---|---|---|---|
| | ടൂൾ റൂം കം ട്രെയിനിങ് സെന്റർ ജീവനക്കാർക്ക് അനുവദിച്ചു നൽകുന്നതിനും നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ